| 08–11–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, നിങ്ങൾ ദേഹിഅഭിമാനിയാകൂ എങ്കിൽ എല്ലാ രോഗങ്ങളും ഇല്ലാതാകും അതോടൊപ്പം നിങ്ങൾ ഇരട്ടക്കിരീടധാരി വിശ്വത്തിന്റെ ചക്രവർത്തിയാകും.**

**ചോദ്യം –** ഏത് കുട്ടികളാണ് ബാബയുടെ സന്മുഖത്തിൽ ഇരിക്കേണ്ടത്?
**ഉത്തരം –** ആർക്കാണോ ജ്ഞാനത്തിന്റെ നൃത്തം ചെയ്യാൻ അറിയുന്നത്. ബാബയുടെ സന്മുഖത്തിൽ ജ്ഞാനത്തിന്റെ നൃത്തം ചെയ്യുന്ന കുട്ടികൾ ഉണ്ടെങ്കിൽ ബാബ അതുപോലെയുള്ള മുരളി പറയും. ബാബയുടെ അടുത്ത് ഇരുന്ന് അങ്ങോട്ടും ഇങ്ങോട്ടും നോക്കുകയാണെങ്കിൽ മനസ്സിലാക്കും ഈ കുട്ടിയുടെ ബുദ്ധിയിൽ ഒന്നും കേറുന്നില്ല. ബ്രാഹ്മിണിമാരോട് പറയാറുണ്ട് ബാബയുടെ മുന്നിലിരുന്ന് കോട്ടുവായിടുന്ന കുട്ടികളെയാണോ നിങ്ങൾ ഇങ്ങോട്ട് കൊണ്ടു വന്നിരിക്കുന്നത്. കുട്ടികൾക്ക് ഇങ്ങനെയുള്ള അച്ഛനെയാണ് ലഭിച്ചിരിക്കുന്നത്, അതിലൂടെ സന്തോഷത്തിന്റെ നൃത്തം ചെയ്യണം.

**ഗീതം–** ദൂരദേശത്തിൽ വസിക്കുന്നവനേ.............

**ഓം ശാന്തി –** മധുരമധുരമായ കുട്ടികൾ ഗീതം കേട്ടോ. ആത്മീയ കുട്ടികൾ മനസ്സിലാക്കി ദു:ഖത്തെ ഹരിച്ച് സുഖം നൽകുന്നവനേ, അങ്ങ് തന്നെയാണ് മാതാവും പിതാവും..........വീണ്ടും വന്ന് ഞങ്ങൾക്ക് അളവില്ലാത്ത സുഖം തരൂ, ഞങ്ങൾ ദു:ഖികളാണ് എന്നെല്ലാം പറഞ്ഞ് ഓർമ്മിച്ചതും ആത്മീയ അച്ഛനെയാണ്. ഈ മുഴുവൻ ലോകത്തിലും ദു:ഖമാണ് എന്തുകൊണ്ടെന്നാൽ ഇത് കലിയുഗി പഴയ ലോകമാണ്. നമുക്ക് പുതിയ ലോകത്തിലെ പുതിയ വീട്ടിൽ കിട്ടുന്ന അത്രയും സുഖം പഴയ ലോകത്തിലെ പഴയ വീട്ടിൽ ഉണ്ടാവില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കി നമ്മൾ വിശ്വത്തിന്റെ അധികാരികളായ ആദി സനാതന ദേവി ദേവതകളായിരുന്നു, 84 ജന്മങ്ങൾ എടുത്തതും നമ്മളാണ്. ബാബ പറയുകയാണ് കുട്ടികളേ എത്ര ജന്മങ്ങളുടെ പാർട്ടാണ് നിങ്ങൾ അഭിനയിച്ചത് എന്നത് പോലും അറിഞ്ഞിരുന്നില്ല. മനുഷ്യർ മനസ്സിലാക്കുന്നത് 84 ലക്ഷം പുനർജന്മങ്ങൾ ഉണ്ടെന്നാണ്. അപ്പോൾ ഓരോ പുനർജന്മവും എത്ര വർഷത്തിന്റേതായിരിക്കും. 84 ലക്ഷത്തിന്റെ കണക്കാണെങ്കിൽ സൃഷ്ടി ചക്രം വളരെ വലുതായിരിക്കും. നിങ്ങൾ കുട്ടികൾക്കറിയാം നമ്മളെ പഠിപ്പിക്കുന്നത് ആത്മീയ അച്ഛനാണ്. നമ്മളും ദൂരദേശത്തിൽ വസിച്ചവരാണ്. നമ്മൾ ഇവിടെ വസിക്കുന്നവരുമല്ല. പാർട്ട് അഭിനയിക്കുന്നതിന് വന്നിരിക്കുകയാണ്. ബാബയെയും പരംധാമത്തിലല്ലേ ഓർമ്മിക്കുന്നത്. ഇപ്പോൾ അന്യരുടെ ദേശത്തിലേക്ക് വന്നിരിക്കുകയാണ്. ഭഗവാനെ അച്ഛനെന്ന് വിളിക്കും. രാവണനെ അച്ഛൻ എന്ന് വിളിക്കില്ലല്ലോ. ഭഗവാനെ ആണ് അച്ഛൻ എന്ന് വിളിക്കുന്നത്. ബാബയുടെ മഹിമ വേറെയാണ്, 5 വികാരങ്ങളുടെ മഹിമ ആരെങ്കിലും ചെയ്യുമോ. ഏറ്റവും വലിയ രോഗമാണ് ദേഹാഭിമാനം. നമ്മൾ ദേഹി അഭിമാനികളായി മാറിയാൽ ഒരു രോഗവും ഉണ്ടാകില്ല അതോടൊപ്പം നമ്മൾ വിശ്വത്തിന്റെ അധികാരികളായി മാറും. ഈ കാര്യങ്ങളെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങൾക്കറിയാം ആത്മാക്കളെ പഠിപ്പിച്ചുക്കൊണ്ടിരിക്കുന്നത് ശിവബാബയാണ്. ബാബയാണ് ഞങ്ങൾക്ക് രാജയോഗം പഠിപ്പിച്ചു തരുന്നത് എന്ന കാര്യം വേറെ എത്ര സത്സംഗങ്ങളുണ്ടോ അവിടെയൊന്നും ഇങ്ങനെ മനസ്സിലാക്കി തരുന്നില്ല. രാജ്യപദവിക്ക് വേണ്ടിയാണ് പഠിപ്പിച്ചു തരുന്നത്. രാജാവാക്കി മാറ്റുന്ന ആളും രാജാവായിരിക്കണം. വൈദ്യൻ പഠിപ്പിച്ച് തനിക്ക് സമാനം വൈദ്യനാക്കി മാറ്റും. ശരി, ആരാണ് നമ്മളെ ഇരട്ടക്കിരീടധാരിയാക്കാൻ വരുന്നത്, എവിടെ നിന്ന് വരും? ഇതറിയുന്നില്ല. പിന്നീട് മനുഷ്യർ ഇരട്ടക്കിരീടധാരിയായി കൃഷ്ണനെ വെച്ചു. പക്ഷെ കൃഷ്ണൻ എങ്ങനെ പഠിപ്പിക്കും? തീർച്ചയായും സംഗമത്തിൽ ബാബ വന്ന് രാജധാനിയുടെ സ്ഥാപന ചെയ്തിട്ടുണ്ടാകും. എങ്ങനെയാണ് ബാബ വരുന്നത്, ഇത് നിങ്ങളുടെ ബുദ്ധിയിലെ ഉള്ളു. ദൂരദേശത്തിൽ നിന്ന് വന്നാണ് ബാബ രാജയോഗം പഠിപ്പിക്കുന്നതും അഭ്യസിപ്പിക്കുന്നതും. ബാബ പറയുന്നു എനിക്ക് പ്രകാശത്തിന്റേതോ രത്നം പതിപ്പിച്ചതോ ആയ കിരീടമൊന്നുമില്ല. ഞാനൊരിക്കലും രാജ്യപദവി നേടുന്നില്ല. ഇരട്ടക്കിരീടധാരിയായി മാറുന്നില്ല, മറ്റുള്ളവരെ ആക്കുകയാണ് ചെയ്യുന്നത്.ബാബ പറയുന്നു രാജാവായി മാറുകയാണെങ്കിൽ ദരിദ്രനായി മാറുക കൂടി വേണം. ഭാരതവാസികൾ ധനവാന്മാരായിരുന്നു എന്നാൽ ഇപ്പോൾ ദരിദ്രനായി മാറി. ഇരട്ടക്കിരീടധാരിയാക്കി മാറ്റുന്ന ആളുമായി യോഗം വെക്കണമെങ്കിൽ അവരും ഇരട്ടക്കിരീടധാരിയായിരിക്കണ്ടേ. ആര് എങ്ങനെയാണോ നിങ്ങളെയും അവർ തനിക്ക് സമാനമാക്കി മാറ്റുക തന്നെ ചെയ്യും. സന്യാസിമാർ പരിശ്രമിച്ച് സന്യാസിമാരെ ഉണ്ടാക്കും. നിങ്ങൾ ഗൃഹസ്ഥികളാണ്, അവർ സന്യാസിമാരാണെങ്കിൽ നിങ്ങൾക്ക് എങ്ങനെ അവരുടെ ശിഷ്യൻ ആകാൻ സാധിക്കും. പറയാറുണ്ട് ഇവർ ശിവാനന്ദ സ്വാമിയുടെ ശിഷ്യനാണ്, ഈ സന്യാസിമാർ തല മുണ്ഡനം ചെയ്യുന്നവരാണ് നിങ്ങൾ

അവരെ അനുകരിക്കുന്നില്ല പിന്നെ എന്തിനാണ് അവരുടെ ശിഷ്യനാണെന്ന് പറയുന്നത്. ആരാണോ പെട്ടെന്ന് സാധാരണ വസ്ത്രം മാറ്റി കാഷായ വസ്ത്രം ധരിക്കുന്നത് അവരാണ് അനുയായികൾ. മനുഷ്യർ ഗൃഹസ്ഥത്തിൽ വികാരങ്ങളിലാണ് ജീവിക്കുന്നത് പിന്നെ ശിവാനന്ദ സ്വാമിയുടെ ശിഷ്യനാണെന്ന് എങ്ങനെ പറയും. ഗുരുവിന്റെ കർമ്മമാണ് സദ്ഗതി തരിക എന്നത്. ആരെയെങ്കിലും ഓർമ്മിക്കണം എന്നൊന്നും ഗുരുക്കൻമാർ പറയാറില്ല. അങ്ങനെയാണെങ്കിൽ സ്വയം ഗുരുവാകില്ലല്ലോ. മുക്തിധാമത്തിലേക്ക് പോകുന്നതിനും യുക്തി വേണം. നിരാകാരി ലോകം അഥവാ മുക്തി ധാമമാണ് വീട് എന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കി. ആത്മാവിനെ നിരാകാരി ആത്മാവ് എന്നാണ് പറയാറുള്ളത്. പഞ്ച തത്ത്വങ്ങൾ കൊണ്ട് ഉണ്ടാക്കിയതാണ് ശരീരം. എവിടെ നിന്നാണ് ആത്മാക്കൾ വരുന്നത്? പരംധാമമാകുന്ന നിരാകാരി ലോകത്തിൽ നിന്ന്. അവിടെയാണ് ആത്മാക്കൾ വസിക്കുന്നത്. അതിനെയാണ് മധുരമായ ശാന്തിയുടെ വീട് എന്ന് പറയുന്നത്. സുഖ ദുഖത്തിൽ നിന്നും വേറിട്ട് അവിടെ ഇരിക്കും. നമ്മൾ ശാന്തിധാമത്തിലെ നിവാസികളാണ് എന്ന കാര്യം നല്ല രീതിയിൽ ബുദ്ധിയിൽ ഉറപ്പിക്കണം. ഈ നാടകശാലയിൽ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളാകുന്ന ലൈറ്റുകളാണ് ഈ നാടകശാലയിലുള്ളത്. ഈ നാടകശാല എത്ര മൈലുകളുണ്ട് എന്നത് ആർക്കും അളക്കാൻ സാധിക്കില്ല. വിമാനം മുകളിലേക്ക് പോകാറുണ്ട് പക്ഷെ വളരെ ദൂരം മുകളിലേക്ക് പോയി തിരിച്ച് വരാനുമുള്ള അത്രയും പെട്രോൾ അവർക്ക് നിറക്കാൻ സാധിക്കില്ല. മനുഷ്യർക്ക് അറിയാം മുകളിൽ എത്താൻ ഇത്ര മൈലുകളുണ്ട്, തിരിച്ച് വന്നില്ലെങ്കിൽ വീണു പോകും. സമുദ്രം അഥവാ ആകാശത്തിന്റെ അളവ് ആർക്കും എടുക്കാൻ സാധിക്കില്ല. ഇപ്പോൾ ബാബ തന്റെ കുട്ടികൾക്ക് എല്ലാ രഹസ്യവും മനസ്സിലാക്കി തരുകയാണ്. നിങ്ങൾ ആത്മാക്കൾ ഈ ആകാശതത്ത്വത്തിൽ നിന്നും ഉപരി പോകുന്നു. നിങ്ങൾ എത്ര ഉയർന്ന റോക്കറ്റാണ്. എപ്പോഴാണോ ആത്മാവ് പവിത്രമാകുന്നത് അപ്പോൾ അതിന് റോക്കറ്റ് പോലെ മുകളിലേക്ക് പോകാൻ സാധിക്കും. ആത്മാവ് എത്ര ചെറിയ റോക്കറ്റാണ്.സൂര്യ ചന്ദ്രനും അപ്പുറം മൂലവതനത്തിലേക്ക് പോകും. സൂര്യന്റെയും ചന്ദ്രന്റെയും അവസാനം കണ്ടുപിടിക്കാൻ വളരെ പരിശ്രമിക്കുന്നുണ്ട്. ദൂരെയുള്ള നക്ഷത്രങ്ങൾ നിങ്ങൾക്ക് എത്ര ചെറുതായി കാണപ്പെടുന്നുണ്ട് എന്നാൽ അത് വളരെ വലുതാണ്. ഏതുപോലെയാണോ നിങ്ങൾ പട്ടം പറത്തുകയാണെങ്കിൽ അത് ആകാശത്ത് പോയാൽ ചെറുതായി കാണപ്പെടുന്നത്. ബാബ പറയുന്നു നിങ്ങൾ ആത്മാക്കൾ എത്ര വേഗതയുള്ളതാണ്. നിമിഷം കൊണ്ടാണ് ഒരു ശരീരം വിട്ട് മറ്റൊരു ഗർഭത്തിൽ പോയി പ്രവേശിക്കുന്നത്. ആർക്കെങ്കിലും ലണ്ടനിലാണ് അടുത്ത കർമ്മത്തിന്റെ കണക്കെങ്കിൽ നിമിഷം കൊണ്ട് അവിടെ പോയി ജന്മം എടുക്കും. നിമിഷം കൊണ്ട് ജീവന്മുക്തി എന്നും പാടപ്പെട്ടിട്ടുണ്ട്. കുട്ടി ഗർഭത്തിൽ നിന്നും പുറത്ത് വരുന്നതോടെ അധികാരിയും അവകാശിയുമാകുന്നു. ബാബയെ തിരിച്ചറിഞ്ഞതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായി, പരിധിയില്ലാത്ത അച്ഛനാണ് നിങ്ങളെ വിശ്വത്തിന്റെ അധികാരികളാക്കുന്നത്.സ്കൂളിൽ വക്കീൽ പഠിപ്പ് പഠിച്ച് വക്കീൽ ആകുന്നുണ്ട്. ഇവിടെ നിങ്ങൾ ഇരട്ടക്കിരീടധാരികളാകാനാണ് പഠിക്കുന്നത്. വിജയിക്കുകയാണെങ്കിൽ നിങ്ങൾ ഇരട്ടക്കിരീടധാരിയാകും ഇല്ലെങ്കിലും തീർച്ചയായും സ്വർഗ്ഗത്തിൽ വരും. നിങ്ങൾക്ക് അറിയാം ബാബ വസിക്കുന്നത് മുകളിലാണ്. ഓ ഗോഡ് ഫാദർ എന്ന് പറയുമ്പോൾ ദൃഷ്ടി തീർച്ചയായും മുകളിലേക്ക് പോവും. ഗോഡ് ഫാദറാണെങ്കിൽ തീർച്ചയായും എന്തെങ്കിലും പാർട്ട് ഉണ്ടായിരിക്കുമല്ലോ. ഇപ്പോൾ ബാബ തന്റെ പാർട്ട് അഭിനയിക്കുകയാണ്. ബാബയെ തോട്ടക്കാരൻ എന്നും പറയാറുണ്ട്. മുള്ളുകളെ ബാബ പൂവുകളാക്കും. അതിനാൽ നിങ്ങൾ കുട്ടികൾക്ക് സന്തോഷം ഉണ്ടായിരിക്കണം ബാബ അന്യരുടെ ദേശത്തിലേക്ക് വന്നിരിക്കുകയാണ്. ദൂരദേശ വാസി അന്യരുടെ ദേശത്തിലേക്ക് വന്നിരിക്കുകയാണ്.ദൂരദേശത്തിൽ വസിക്കുന്നവൻ ബാബയല്ലേ. ആത്മാക്കളും വസിച്ചിരുന്നതും അവിടെയാണ്. പിന്നീട് പാർട്ട് അഭിനയിക്കുന്നതിന് ഇവിടേക്ക് വരുന്നു. പര ദേശം ഇതിനെക്കുറിച്ചും ആർക്കും അറിയില്ല. ഭക്തിമാർഗ്ഗത്തിൽ എന്ത് കേട്ടാലും ശരിയാണ് ശരിയാണ് എന്ന് പറഞ്ഞ് ഇരിക്കുന്നു. ആത്മാവ് അപവിത്രമായതിലൂടെ പറക്കാൻ സാധിക്കുന്നില്ല. പവിത്രമാകാതെ തിരിച്ച് പോകാൻ സാധിക്കില്ല. പതിതപാവനൻ ഒരു ബാബയാണ്. ബാബ വരുന്നത് സംഗമത്തിലാണ്. നിങ്ങൾ കുട്ടികൾ വളരെ സന്തോഷത്തിലിരിക്കണം. ബാബ നമ്മളെ ഇരട്ടക്കിരീടധാരികളാക്കി മാറ്റുകയാണ്. ഇതിനേക്കാൾ ഉയർന്ന പദവി ഉള്ളവർ ആരുമില്ല. ബാബ പറയുന്നു ഞാൻ ഇരട്ടക്കിരീടധാരിയായി മാറുന്നുമില്ല. ഞാൻ ഒരു തവണ മാത്രമേ വരുകയുള്ളു. അന്യശരീരത്തിൽ അന്യദേശത്തിലേക്കാണ് വരുന്നത്. ഞാൻ ശിവനാണ് എന്നൊന്നും ഈ ദാദാ പറയുന്നില്ലല്ലോ. എന്നെ ലേഖ്‌രാജ് എന്നാണ് വിളിച്ചിരുന്നത് പിന്നീട് സമർപ്പണമായതിലൂടെ ബ്രഹ്മാവ് എന്ന പേര് ലഭിച്ചു. നിനക്ക് നിന്റെ ജന്മങ്ങളെക്കുറിച്ച് അറിയില്ല എന്നാണ് ശിവബാബ പറഞ്ഞത്. 84 ജന്മങ്ങളുടെ കണക്ക് ഉണ്ടാകുമല്ലോ. 84ലക്ഷം ജന്മങ്ങളെ കുറിച്ചാണ് മനുഷ്യർ പറയുന്നത്, അത് അസാധ്യമാണ്. 84ലക്ഷം ജന്മങ്ങളാണെങ്കിൽ അതിന്റെ രഹസ്യം മനസ്സിലാക്കി തരുവാൻ നൂറുക്കണക്കിന് വർഷങ്ങൾ എടുക്കുമല്ലോ, അത് ഓർമ്മിക്കാനും സാധിക്കില്ല. 84 ലക്ഷം യോനികളിൽ മൃഗങ്ങളും പക്ഷികളുമെല്ലാം ഉൾപ്പെടും. മനുഷ്യ ജന്മം ദുർലഭമാണ് എന്ന്

പാടിയിട്ടുണ്ട്. മൃഗങ്ങൾക്ക് ജ്ഞാനം മനസ്സിലാക്കാൻ സാധിക്കില്ല. ബാബ വന്ന് നിങ്ങൾക്ക് ജ്ഞാനം നൽകുകയാണ്. ബാബ സ്വയം പറയുകയാണ് ഞാൻ വരുന്നത് പോലും രാവണ രാജ്യത്തിലാണ്. മായ നിങ്ങളെ വളരെയധികം കല്ലു ബുദ്ധികളാക്കി മാറ്റിയിരിക്കുകയാണ്. ഇപ്പോൾ വീണ്ടും ബാബ നിങ്ങളെ പവിഴ ബുദ്ധികളാക്കി മാറ്റുകയാണ്. താഴ്ന്ന കലയിലായിരുന്നു നിങ്ങൾ. ഇപ്പോൾ ബാബ നിങ്ങളെ ഉയരുന്ന കലയിലേക്ക് കൊണ്ടു പോവുകയാണ്, നമ്പർവാറാണല്ലോ. ഓരോരുത്തർക്കും തന്റെ പുരുഷാർത്ഥത്തിന് അനുസരിച്ച് മനസ്സിലാക്കണം. മുഖ്യമായ കാര്യം ഓർമ്മയാണ്. രാത്രി ഉറങ്ങുമ്പോഴും ബാബയുടെ ഓർമ്മയിലായിരിക്കണം. ഈ ശരീരത്തെ ഉപേക്ഷിക്കുന്ന അവസ്ഥയായിരിക്കണം. അങ്ങയുടെ അടുത്തേക്ക് വരുന്നു എന്നെല്ലാം ബാബയോട് സംസാരിക്കണം. ഇങ്ങനെ ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് ഉറങ്ങുകയാണെങ്കിൽ വളരെ ആനന്ദം ഉണ്ടാകും. വേണമെങ്കിൽ സാക്ഷാത്കാരവും കിട്ടും. പക്ഷെ ഈ സാക്ഷാത്കാരം കാണുന്നതിൽ ഒന്നും സന്തോഷിക്കരുത്. ബാബാ ഞാൻ അങ്ങയെ ആണ് ഓർമ്മിക്കുന്നത്, അങ്ങയുടെ അടുത്തേക്ക് വരാനാണ് ആഗ്രഹിക്കുന്നത്. ഇങ്ങനെ ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് വിശ്രമത്തിലാകും, വേണമെങ്കിൽ സൂക്ഷ്മ ലോകത്തിലേക്കും പോകാം. മൂലവതനത്തിലേക്ക് പോകാൻ സാധിക്കുകയില്ല. ഇപ്പോൾ തിരിച്ചു പോകാനുള്ള സമയം എത്തിയോ? വേണമെങ്കിൽ ചെറിയ ചെറിയ ആത്മാക്കളുടെ വൃക്ഷമെല്ലാം കാണും. ഏതുപോലെ നിങ്ങൾക്ക് വൈകുണ്ഠത്തിന്റെ സാക്ഷാത്കാരം കിട്ടിയിരുന്നത് അതുപോലെ. സാക്ഷാത്കാരം കിട്ടിയതുകൊണ്ട് വൈകുണ്ഠത്തിൽ പോവുകയൊന്നും ഇല്ല. അതിനു വേണ്ടി പരിശ്രമം ചെയ്യുക തന്നെ വേണം. നിങ്ങൾക്ക് ബാബ മനസ്സിലാക്കി തരികയാണ് നിങ്ങൾക്ക് ആദ്യമാദ്യം മധുരമായ വീട്ടിലേക്ക് പോകണം. എല്ലാ ആത്മാക്കളും പാർട്ട് അഭിനയിക്കുന്നതിൽ നിന്നും മുക്തമാകും. ഏതു വരെ ആത്മാവ് പവിത്രമാകുന്നില്ലയോ അതുവരെ തിരിച്ച് പോകാൻ സാധിക്കില്ല. ബാക്കി സാക്ഷാത്കാരത്തിലൂടെ നിങ്ങൾക്ക് ഒന്നും കിട്ടില്ല. മീരക്ക് സാക്ഷാത്കാരം കിട്ടിയിട്ടുണ്ട്, പക്ഷെ വൈകുണ്ഠത്തിലേക്ക് പോയിട്ടില്ലല്ലോ. വൈകുണ്ഠം സത്യയുഗത്തിലാണ് ഉണ്ടാവുക. വൈകുണ്ഠത്തിന്റെ അധികാരിയാകുന്നതിനുള്ള തയ്യാറെടുപ്പാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ബാബ സാക്ഷാത്കാരങ്ങൾ കാണാൻ അധികം അനുവദിക്കില്ല കാരണം നിങ്ങൾ കുട്ടികൾക്ക് പഠിക്കുകയാണ് വേണ്ടത്. ബാബ വന്ന് എല്ലാവരേയും പഠിപ്പിച്ച് സർവ്വർക്കും സദ്ഗതി നൽകുന്നു. വിനാശവും സമീപത്ത് നിൽക്കുന്നുണ്ട്. ബാക്കി അസുരൻമാരും ദേവതകളും കൂടിയുള്ള യുദ്ധമൊന്നും ഉണ്ടായിട്ടില്ല. നിങ്ങൾക്ക് വേണ്ടിയാണ് അവർ പരസ്പരം വഴക്ക് കൂടുന്നത് കാരണം നിങ്ങൾക്കല്ലേ പുതിയ ലോകം വേണ്ടത്. ബാക്കി നിങ്ങൾക്ക് മായയുടെ കൂടെയാണ് യുദ്ധം. നിങ്ങൾ വളരെ പ്രസിദ്ധമായ യോദ്ധാക്കളാണ്. പക്ഷെ ദേവിമാരെക്കുറിച്ച് എന്തിനാണ് ഇത്രയും പാട്ട് പാടുന്നത് എന്നത് ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ യോഗബലത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുകയാണ്. നിങ്ങൾക്ക് ഇപ്പോൾ ബാബയെ കിട്ടി കഴിഞ്ഞു. നിങ്ങൾക്ക് മനസ്സിലാക്കി തരികയാണ് ഈ ജ്ഞാനത്തിലൂടെ പുതിയ ലോകം വരും. ഈ ലക്ഷ്മിയും നാരായണനും പുതിയ ലോകത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ പഴയ ലോകമാണ്. പഴയ ലോകത്തിന്റെ വിനാശം മുമ്പും മിസൈലുകൾ കൊണ്ട് ഉണ്ടായിട്ടുണ്ട്. മഹാഭാരത യുദ്ധവും നടന്നിട്ടുണ്ട്. ആ സമയത്ത് ബാബ രാജയോഗവും പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും ബാബ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ബാബയാണ് നിങ്ങൾക്ക് സത്യം കേൾപ്പിച്ചു തരുന്നത്. സത്യമായ ബാബ വന്നതു കൊണ്ട് നിങ്ങൾ സദാ സന്തോഷത്താൽ നൃത്തം ചെയ്യണം. ഇത് ജ്ഞാനത്തിന്റെ നൃത്തമാണ്. ആർക്കാണോ ജ്ഞാനത്തിന്റെ നൃത്തം ചെയ്യാൻ താല്പര്യം ഉള്ളത് അവർ അടുത്ത് ഇരിക്കണം. ആർക്കാണോ മനസ്സിലാക്കാൻ സാധിക്കാത്തത് അവർ കോട്ടുവായിടും. അതിലൂടെ അവർ ഒന്നും മനസ്സിലാക്കിയിട്ടില്ല എന്ന് ബാബക്ക് മനസ്സിലാക്കാൻ സാധിക്കും. ജ്ഞാനത്തെ ഒട്ടും മനസ്സിലാക്കുന്നില്ലെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും നോക്കി കൊണ്ടിരിക്കും. ബാബ ബ്രാഹ്മണിയോട് ചോദിക്കും എങ്ങനെയുള്ളവരെയാണ് കൊണ്ടു വന്നിരിക്കുന്നത്? ആരാണോ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അവർ സമീപത്ത് ഇരിക്കണം. അവർക്ക് സന്തോഷവും ഉണ്ടായിരിക്കും. എനിക്ക് നൃത്തം ചെയ്യണം എന്ന് അവർക്ക് തോന്നും. ഇത് ജ്ഞാനത്തിന്റെ നൃത്തമാണ്.കൃഷ്ണൻ ജ്ഞാനവും കേൾപ്പിച്ചിട്ടില്ല, നൃത്തവും ചെയ്തിട്ടില്ല. ഇത് ജ്ഞാനത്തിന്റെ മുരളിയാണ്. അതുകൊണ്ടാണ് ബാബ മനസ്സിലാക്കി തരുന്നത് രാത്രി ഉറങ്ങുന്ന സമയത്ത് ബാബയെ ഓർമ്മിക്കുകയും ചക്രത്തെ ബുദ്ധിയിൽ കറക്കുകയും വേണം. ബാബാ ഈ ശരീരം ഉപേക്ഷിച്ച് ഞാൻ അങ്ങയുടെ അടുത്തേക്ക് വരികയാണ് എന്നെല്ലാം ഓർമ്മിച്ച് ഉറങ്ങു എന്നിട്ട് സംഭവിക്കുന്നത് എന്താണ് എന്ന് നോക്കു. ആരംഭത്തിൽ ധ്യാനത്തിലിരുത്തി ശ്മശാനത്തിനു സമാനം അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. അപ്പോൾ ചിലർ ശാന്തിയിലേക്ക് പോകുമായിരുന്നു, ചിലർ രാസലീല കളിക്കുമായിരുന്നു. ആരാണോ ബാബയെ അറിയാത്തവർ അവർ എങ്ങനെ ഓർമ്മിക്കും. അതുകൊണ്ടാണ് ബാബ പറയുന്നത് ഞാൻ എന്താണ്, എങ്ങനെയാണ് എന്നെ ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് എത്ര വിവേകം കിട്ടി. നിങ്ങൾ ഗുപ്ത യോദ്ധാക്കളാണ്. യോദ്ധാക്കൾ എന്ന പേര് കേട്ട് ദേവിമാർക്ക് ബാണങ്ങളും വാളുമെല്ലാം കാണിക്കുന്നുണ്ട്. നിങ്ങൾ

യോഗത്തിന്റെ ബലമുള്ള യോദ്ധാക്കളാണ്. യോഗബലത്തിലൂടെയാണ് വിശ്വത്തിന്റെ അധികാരിയാകുന്നത്. ശരീരത്തിന്റെ ബലത്തിലൂടെ ആര് എത്ര തന്നെ പരിശ്രമിച്ചാലും അവർക്ക് വിജയിക്കാൻ കഴിയില്ല. ഭാരതത്തിന്റെ യോഗം പ്രശസ്തമാണ്. ഇത് ബാബയാണ് വന്ന് പഠിപ്പിച്ചു തരുന്നത്. ഇതും ആർക്കും അറിയില്ല. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ബാബയെ ഓർമ്മിക്കണം. യോഗം കിട്ടുന്നില്ല എന്ന് ചിലർ പറയാറുണ്ട്. യോഗം എന്ന ശബ്ദത്തെ മാറ്റൂ. കുട്ടികൾ അച്ഛനെ ഓർമ്മിക്കുകയല്ലേ ചെയ്യുക. ശിവബാബ പറയുന്നു മനസ്സ് കൊണ്ട് എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ തന്നെയാണ് സർവ്വശക്തിവാൻ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സതോപ്രധാനമാകും. എപ്പോഴാണോ ആത്മാക്കൾ സതോപ്രധാനമാകുന്നത് അപ്പോൾ ആത്മാക്കളുടെ സംഘം പുറപ്പെടും. ഏതുപോലെയാണോ തേനീച്ചക്കൂട്ടം പോകുന്നത്. ശിവബാബയുടെ പിന്നിൽ എല്ലാ ആത്മാക്കളും കൊതുകിൻ കൂട്ടം പോലെ പറന്നു പോകും, ബാക്കി ശരീരങ്ങളെല്ലാം ഇല്ലാതാകും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) രാത്രി ഉറങ്ങുന്നതിന് മുമ്പ് മധുരമധുരമായി ബാബയോട് സംസാരിക്കണം. ഈ ശരീരം വിട്ട് ഞാൻ ബാബയുടെ അടുത്തേക്ക് പോവുകയാണ് ഇത് ഓർമ്മിച്ച് ഉറങ്ങണം. മുഖ്യമായത് ഓർമ്മയാണ്, ഓർമ്മയിലൂടെ മാത്രമെ പവിഴബുദ്ധി ആകുകയുള്ളു.

2) 5 വികാരങ്ങളുടെ രോഗങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ദേഹിഅഭിമാനി ആയിരിക്കാൻ പുരുഷാർത്ഥം ചെയ്യൂ. അളവില്ലാത്ത സന്തോഷത്തിൽ ഇരിക്കണം, ജ്ഞാനത്തിന്റെ നൃത്തം ചെയ്യണം. ക്ലാസ്സിൽ ആലസ്യത്തെ പരത്തരുത്.

## വരദാനം- സേവനത്തിലൂടെ അനേകാത്മാക്കളുടെ ആശീർവാദം പ്രാപ്തമാക്കി സദാ മുന്നേറുന്ന മഹാദാനിയായി ഭവിക്കട്ടെ.

മഹാദാനിയാകുക അർത്ഥം മറ്റുള്ളവരുടെ സേവനം ചെയ്യുക, മറ്റുള്ളവരുടെ സേവനം ചെയ്യുന്നതിലൂടെ സ്വയത്തിന്റെ സേവനം സ്വതവേ നടക്കുന്നു. മഹാദാനിയാകുക അർത്ഥം സ്വയത്തെ അതിസമ്പന്നമാക്കുക, എത്രത്തോളം ആത്മാക്കൾക്ക് സുഖം, ശക്തി, ജ്ഞാനത്തിന്റെ ദാനം നൽകുമോ അത്രയും ആത്മാക്കളുടെ പ്രാപ്തിയുടെ ശബ്ദം അഥവാ പുറപ്പെടുന്ന കൃതജ്ഞത താങ്കൾക്ക് ആശീർവാദത്തിന്റെ രൂപമായി മാറും. ഈ ആശീർവാദം തന്നെയാണ് മുന്നേറ്റുന്ന മാർഗം, ആർക്ക് ആശീർവാദം ലഭിക്കുന്നുവോ അവർ സദാ സന്തോഷമായിരിക്കുന്നു. അപ്പോൾ പതിവായി അമൃതവേളയ്ക്ക് മഹാദാനിയാകുവാനുള്ള പരിപാടിയുണ്ടാക്കൂ. ഒരു സമയമോ ദിവസമോ ദാനം കൂടാതെ ഉണ്ടാകരുത്.

## സ്ലോഗൻ- ഇപ്പോഴത്തെ പ്രത്യക്ഷഫലം ആത്മാവിന് പറക്കുന്ന കലയുടെ ബലം നൽകുന്നു

#### അവ്യക്തസൂചന: അശരീരി അഥവാ വിദേഹി സ്ഥിതിയുടെ അഭ്യാസം വർധിപ്പിക്കൂ

ബാബയുടെ സമീപവും സമാനവുമാകുന്നതിന് ദേഹത്തിലിരുന്നും വിദേഹിയാകുവാനുള്ള അഭ്യാസം ചെയ്യൂ. കർമാതീതമാകുന്നതിനുള്ള ഉദാഹരണം സാകാരത്തിൽ ബ്രഹ്മാബാബയെ കണ്ടതു പോലെ, അച്ഛനെ ഫോളോ ചെയ്യൂ. ഏതു വരേയ്ക്കും ഈ ദേഹമുണ്ടോ, കർമേന്ദ്രിയങ്ങളോടു കൂടെ ഈ കർമക്ഷേത്രത്തിൽ പാർട്ടഭിനയിച്ചുകൊണ്ടിരിക്കുന്നു. അതു വരേയ്ക്കും കർമം ചെയ്തുകൊണ്ട് കർമേന്ദ്രിയങ്ങളുടെ ആധാരമെടുക്കൂ, വേറിട്ടവരായി മാറൂ, ഇതേ അഭ്യാസം വിദേഹിയാക്കി മാറ്റും.